LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: ബോഡി സംസ്ഥാനത്തിനകത്ത് കെ.എസ്.ആർ.ടി.സി. തന്നെ പൂർണ്ണമായും നിർമ്മിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം, കെ.എസ്.ആർ.ടി.സി.-യുടെ ആഗ്രഹം. നിർഭാഗ്യവശാൽ കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മിക്കുന്നതിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് സ്വകാര്യ മേഖലയിൽ നമുക്ക് ബോഡി നിർമ്മിച്ചു നൽകുന്നത്. ഇപ്പോൾ ഓപ്പൺ ടെണ്ടർ വിളിക്കുകയാണ്. പല കമ്പനികളും അത് കോട്ട് ചെയ്യും. അവർ പരസ്പരം മൽസരിച്ച് നമ്മൾ നിർമ്മിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ തുകയ്ക്കാണ് ബോഡി നിർമ്മിച്ചു നൽകുന്നത്. എങ്കിൽപോലും കെ.എസ്.ആർ.ടി.സി.-യിൽ ഇന്നുള്ള യൂണിറ്റുകളിൽ പരമാവധി ബോഡികൾ നിർമ്മിച്ചു നൽകാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാസഞ്ചർ കോഡിന്റെ കാര്യം നമുക്ക് ആലോചിക്കാം.

(2) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കൂടുതൽ സ്റ്റാഫും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്നലെ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ സംസാരിച്ചപ്പോൾ ഇൻഡ്യാ ടുഡേയിലെ ഒരു സർവ്വേ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിൽ കേരളം ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണെന്ന് പറയുകയുണ്ടായി. ആരോഗ്യരംഗത്ത് ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിലെ ആളുകൾ ആരോഗ്യരംഗത്ത് നല്ല സാക്ഷരതയുള്ളവരാണ്. രോഗങ്ങളെക്കുറിച്ച് അവയർനെസ്സ് ഉള്ളവരാണ്. അതുകൊണ്ട് ആരോഗ്യരക്ഷാ രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പിൽ എത്താൻ നമുക്ക് ഏറെക്കുറെ സാധിച്ചിട്ടുണ്ട് എന്നുള്ളത് സത്യമാണ്. ഇന്നും രോഗാതുരത കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളിൽ ഗ്രാമീണ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങൾ നോക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സുമാർ 7 ചതുരശ്രകിലോമീറ്ററിനകത്തും സുമാർ രണ്ടു ലക്ഷത്തി മുപ്പതിനായിരം ആളുകൾക്ക് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അതുപോലെ 26,000-ഓളം പേർക്ക് ഒരു പ്രാഥമിക ഹെൽത്ത് സെന്റർ എന്ന തോതിലാണത്രേ കേരളത്തിലുള്ളത്. സംസ്ഥാനത്ത് ആരോഗ്യ രംഗത്തുണ്ടായിട്ടുള്ള വളർച്ച ഗ്രാമീണ ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിക്കണമെങ്കിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അധികം സ്ഥലങ്ങളിലും ഡോക്ടർമാരില്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവരെ ഒരേ ഒരു ഡോക്ടർ മാത്രമേയുള്ളൂ. പല സ്ഥലങ്ങളിലും മരുന്നില്ല,

പശ്ചാത്തല സൗകര്യങ്ങളില്ല. ധാരാളം ബുദ്ധിമുട്ടുകളുണ്ട്. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ നന്നാക്കി എടുക്കുന്നതിനുവേണ്ടി സജീവമായി ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ ശാസ്ത്രസാങ്കേതിക രംഗത്തിന്റെ വളർച്ചകൊണ്ട് ആരോഗ്യരംഗത്ത് വന്നിട്ടുള്ള നേട്ടങ്ങളൊന്നും കേരളത്തിലെ ഗ്രാമീണ ജനതയുടെ നേട്ടമായി തീരുകയില്ല. സംസ്ഥാനത്തെ ആളുകളുടെ ശരാശരി ആയുർദൈർഘ്യം പുരുഷന്മാർക്ക് 73-ഉം സ്ത്രീകൾക്ക് 75-മൊക്കെയായി മാറിയെന്നുള്ളതു സത്യം തന്നെ. കേരളത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമിച്ച ഒരു സബ് കമ്മിറ്റി ഈ രംഗത്ത് പത്താംപഞ്ചവൽസര പദ്ധതിയിലേക്ക് പോകുമ്പോൾ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ശുപാർശ നടത്തുകയുണ്ടായി. അതായത് ഓരോ ഗ്രാമപഞ്ചായത്തിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉണ്ടായിരിക്കണം. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ജനറൽ മെഡിസിൻ, സർജറി, പീഡിയാട്രിക്, ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി, അനസ്തേഷ്യോളജി, പൊതുജനാരോഗ്യം, കുടുംബക്ഷേമം തുടങ്ങി വിവിധ ചികിൽസ നൽകണമെന്ന് കമ്മിറ്റി ശുപാർശ നടത്തി. അതു പോലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഏറ്റവും ചുരുങ്ങിയത് മെഡിക്കൽ ഓഫീസറും സ്റ്റാഫ് നഴ്സും ഫാർമസിസ്റ്റും ഉണ്ടാകണമെന്നാണ് അവരുടെ ശുപാർശ. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ എട്ട് മെഡിക്കൽ ഓഫീസറും അഞ്ച് സ്പെഷ്യലിസ്റ്റ്സും, മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി വിഭാഗം ഉണ്ടാകണമെന്ന് ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശകൾ നടപ്പിലാക്കാൻ കേരളത്തിൽ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇന്ന് വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2003-ൽ 9 ലക്ഷം ആളുകളാണ് ഒ.പി. ആയി വന്നത്. സുമാർ 20 ലക്ഷം ആളുകൾ മൊത്തം ഔട്ട്പേഷ്യന്റായി 2003 വർഷത്തിൽ മാത്രം വന്നിട്ടുണ്ട്. കേരളത്തിലുള്ള ഗവൺമെന്റാശുപത്രികളിലെ കിടക്കകളുടെ എണ്ണം 50555 ആണ്. സ്വകാര്യ സെക്ടറിലെ കിടക്കകളുടെ എണ്ണം 67000 ആണ്. സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമുള്ള കിടക്കകളിൽ 80 ശതമാനവും നഗരപ്രദേശങ്ങളിലെ ആശുപത്രികളിൽ മാത്രമാണുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു വർഷം ചികിൽസയ്ക്കു വരുന്ന രോഗികളുടെ ശതമാനം 81 ആണ്. ഒരു വർഷം ചികിൽസയ്ക്കെത്തുന്ന രോഗികളിൽ 81 ശതമാനവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമാണ് വരുന്നത്. ആ 81 ശതമാനത്തിന് 5 ശതമാനം കിടക്കകൾ മാത്രമാണുള്ളത്. അതുകൊണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യം ചെറിയ തോതിൽ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പു മന്ത്രിമാരായ ശ്രീ. പി. ശങ്കരനും ശ്രീ. കടവൂർ ശിവദാസനും ചില നടപടികൾ സ്വീകരിച്ചിരുന്നു. അതെല്ലാം മുന്നോട്ടു കൊണ്ടുപോകാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാകണം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ അത്യാവശ്യം ആളുകളെ കിടത്തി ചികിൽസിപ്പിക്കാനുള്ള സൗകര്യം വേണം.

LIBRARY ARCHIVES Kerala Legislative Assembly

പല ഡോക്ടർമാരും ഉച്ചവരെ മാത്രമേ ഉണ്ടാവുകയുള്ളൂ. ചിലർ ആഴ്ചയിൽ ഒരു ദിവസം വന്നുപോവുകയാണ്. എന്താണ് അതിന് ഒരു വ്യവസ്ഥയുള്ളത്? ഒരു പ്രഥമിക ആരോഗ്യ കേന്ദ്രത്തിൽ ചുരുങ്ങിയത് മൂന്ന് ഡോക്ടർമാരെയെങ്കിലും നിയമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഡോക്ടർമാർ അവിടെ പ്രവർത്തിക്കേണ്ട ഒരു സമയം നിശ്ചയിക്കണം. സ്റ്റാഫ് നേഴ്സിനെ നിയമിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ ജീവനക്കാരുടെ എണ്ണം, ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ചില സ്ഥലത്ത് നല്ല സൗകര്യങ്ങളുള്ളത് ഉപയോഗിക്കപ്പെടുന്നില്ല. ചില സ്ഥലത്ത് ഉപയോഗിക്കണമെന്ന് ആഗ്രഹമുണ്ട് പക്ഷേ സൗകര്യങ്ങളില്ല. ഈ പ്രയാസങ്ങൾ കൊണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളൊക്കെ തകർച്ചയിലാണ്. ഒരു ദിവസം വളരെയധികം രോഗികൾ വന്നുചേരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ശ്രദ്ധിക്കാത്തിടത്തോളം കാലം ഗവൺമെന്റിന് ആരോഗ്യരംഗത്ത് അവരുടെ ബാദ്ധ്യത നിറവേറ്റി എന്ന് ഒരിക്കലും പറയാൻ കഴിയില്ല. സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ വലിയ വലിയ നഗരങ്ങളിലൊക്കെയാണ് വന്നുകൊണ്ടിരിക്കുന്നത്. ഗ്രാമീണ ജനങ്ങൾക്ക് ആശ്രയിക്കാൻ ഈ പ്രാഥമിക ആരോഗ്യകേന്ദ്രം മാത്രമേയുള്ളൂ. ഈ ഗവൺമെന്റ് ഇനിയുള്ള കാലത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ സ്ട്രെംഗ്തെൻ ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചാൽ അതു തന്നെ വലിയ അംഗീകാരമാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ള ഒരു കാര്യം, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടുള്ള മന്ത്രിയുടെ സമീപനം മാറണം. ഗവൺമെന്റിന് ഈ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളൊന്നും വലിയ പ്രശ്നമല്ല. പക്ഷേ സാധാരണ ജനങ്ങൾക്ക് അത് ജീവൻ മരണ പ്രശ്നമാണ്. അവർക്ക് ഓടിച്ചെല്ലാനുള്ള ആശുപത്രി അതുമാത്രമാണ്. അതുകൊണ്ട് ആ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സ്ട്രെംഗ്തെൻ ചെയ്യാൻ എന്താണ് മാർഗ്ഗം എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു പഠനം അടിയന്തിരമായി നടത്തി അതനുസരിച്ച് പ്രവൃത്തിക്കാൻ തയ്യാറാകണം. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ അത്യാവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. പ്രാഥമിക ആരോഗ്യകേന്ദ്രം ഓരോ പഞ്ചായത്തിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു അവസ്ഥ വന്നാൽ ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ നാമം കേരളത്തിലെ ആരോഗ്യവകുപ്പു മന്ത്രിമാരുടെ ചരിത്രത്തിൽ അനശ്വരമായി തീരും. അതുമാത്രം ചെയ്താൽ മതി എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സംസ്ഥാനത്ത് 115 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും ബ്ലോക്ക് തലത്തിൽ 110 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 816 മിനി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും മെഡിക്കൽ

10.30 a.m.] കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന 5 മാതൃശിശുക്ഷേമ യൂണിറ്റുകളും നിലവിലുണ്ട്. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനസമൂഹത്തിന് ഡോക്ടർമാരുടെ സേവനത്തിനായി ബന്ധപ്പെടാവുന്ന ആദ്യത്തെ ആരോഗ്യസ്ഥാപനം എന്ന രീതിയിലാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് മിനിമം നീഡ്സ് പ്രോഗ്രാം അല്ലെങ്കിൽ ബേസിക് മിനിമം സർവ്വീസിൽ ഉൾപ്പെടുത്തി ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിച്ച് നടത്തിവരുന്നു. കേന്ദ്ര സർക്കാരിന്റെ പാറ്റേൺ അനുസരിച്ച് ഇവിടെ ഒരു മെഡിക്കൽ ഓഫീസറും മറ്റു ജീവനക്കാരുൾപ്പെടെ 14 പാരാ മെഡിക്കൽ ജീവനക്കാരെയുമാണ് അനുവദിച്ചിട്ടുള്ളത്. ഈ കേന്ദ്രങ്ങൾ ഇതിനു കീഴിലുള്ള 6 സബ്സെന്ററുകളുടെ ഒരു റഫറൽ യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ കേന്ദ്രങ്ങൾ രോഗചികിത്സ, രോഗ പ്രതിരോധം, ആരോഗ്യ പരിരക്ഷ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലാണ് ഊന്നൽ നൽകുന്നത്. ഇതേ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തിയാണ് സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള പാറ്റേൺ അനുസരിച്ച് ഒരു സർജൻ, ഒരു ഫിസിഷ്യൻ, ഒരു പീഡിയാട്രിഷ്യൻ, ഒരു ഗൈനോക്കോളജിസ്റ്റ് എന്നീ നാല് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും, മറ്റു സ്റ്റാഫ് ഉൾപ്പെടെ 21 പാരാ മെഡിക്കൽ ജീവനക്കാരുമാണുള്ളത്. ഈ സ്ഥാപനങ്ങളിൽ 30 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള കിടക്കകളും ഒരു ഓപ്പറേഷൻ തിയേറ്റർ, എക്സ് റേ യൂണിറ്റ്, പ്രസവമുറി, ലബോറട്ടറി സൗകര്യങ്ങൾ എന്നിവയും സജ്ജീകരിക്കേണ്ടതുണ്ട്. ഈ കേന്ദ്രങ്ങൾ, ഇതിനു കീഴിൽ പ്രവർത്തിക്കുന്ന നാലോ അതിൽ കൂടുതലോ ഉള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഒരു റഫറൽ കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നത്. മിനി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 547 എണ്ണത്തിൽ കിടത്തി ചികിത്സിക്കാനുള്ള കിടക്കകൾ അനുവദിച്ചിട്ടില്ല. ആകെ 2110 കിടക്കകൾ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുണ്ടെങ്കിലും ഇവയിൽ 16 കേന്ദ്രങ്ങളിൽ കിടക്കകൾ ഇല്ല. 4840 കിടക്കകൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുണ്ട്. എം. പി.-മാരുടേയും എം. എൽ. എ.-മാരുടേയും പ്രാദേശിക വികസന ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ കിടന്നിരുന്നവ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 1200 തസ്തികകൾ സൃഷ്ടിച്ചു. ഇനിയും ധാരാളം കെട്ടിടങ്ങൾ ഇതുപോലെ കിടപ്പുണ്ട്. 201 എണ്ണത്തിൽ ഐ.പി. തുടങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. ബാക്കി കൂടി ഉൾപ്പെടുത്താൻ വളരെയധികം തസ്തികകൾ സൃഷ്ടിക്കേണ്ടതിനാൽ പെട്ടെന്ന് നടക്കുന്ന കാര്യമല്ല. എങ്കിലും ജനസാന്ദ്രത, രോഗങ്ങളുടെ ആധിക്യം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചും കിടത്തി ചികിത്സ ഇല്ലാത്ത സ്ഥലങ്ങളിൽ അതിന് സൗകര്യം ഒരുക്കിയും നിലവിലുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചും രോഗികൾക്ക് ആവശ്യമായ ചികിത്സയും പരിചരണവും നൽകുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സിക്കുവാൻ കൂടുതൽ ഡോക്ടർമാരെയും ഇതര ജീവനക്കാരെയും നിയമിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പെട്ടെന്ന് കഴിയുകയില്ല. ഘട്ടം ഘട്ടമായി മാത്രമേ ഇക്കാര്യം ചെയ്യുവാൻ കഴിയുകയുള്ളൂ. സംസ്ഥാന ആരോഗ്യ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് ലോകബാങ്ക് പോലെയുള്ള ധനകാര്യ ഏജൻസികളിൽ നിന്നും വായ്പ ലഭ്യമാക്കാൻ ശ്രമിച്ചു വരുന്നു. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളും ആവശ്യമായ ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിനേയും നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ ആളുകൾ ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളെയുമാണ്. പക്ഷെ ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ഉള്ളതു കൊണ്ടാണ് ഇതൊക്കെ പൂർണ്ണമായി ഏറ്റെടുത്ത് മുന്നോട്ട് പോകാൻ കഴിയാത്തത്. ലോകബാങ്ക് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായിട്ടുള്ള വായ്പ ലഭിക്കുന്ന മുറയ്ക്ക് തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ സജീവമായി പരിഗണിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ വളരെ വലുതാണ്. ഗവൺമെന്റിന് പരിമിതികളുണ്ട്. ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ സാധിക്കില്ലെന്ന കാര്യം എനിക്ക് നല്ല ബോധ്യമുണ്ട്. പക്ഷേ ഞാൻ പറയുന്നത്, ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ടാണ് ലോകബാങ്ക് പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങി ഗ്രാമീണ മേഖലയിലുള്ള ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുള്ള നിർദ്ദേശവുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

IV. പ്രത്യേക പരാമർശം

കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനവിഹിതം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട അത്യാവശ്യമായ കാര്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയെ അറിയിക്കണമെന്ന് പറഞ്ഞ് എല്ലാ സംസ്ഥാനങ്ങൾക്കും അറിയിപ്പ് നൽകി. മിക്കവാറും സംസ്ഥാനങ്ങളിലെ ധനകാര്യമന്ത്രിമാരും ചീഫ് സെക്രട്ടറിമാരും വരെ അവിടെ എത്തി തങ്ങളുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അറിയിച്ചു. അതേ സമയം കേരളത്തിൽ നിന്ന് ആ ആവശ്യത്തിന് ന്യായമായ നിലയിൽ ഒരു പ്രതികരണം ഉണ്ടായില്ല. കേരളകൗമുദി പത്രം അതു സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാരോട് ചോദിച്ചപ്പോൾ അങ്ങനെയൊരു കത്ത് ഞങ്ങൾക്ക് കിട്ടിയതായി ഓർക്കുന്നില്ല എന്ന മറുപടി ലഭിച്ചതായാണ് പത്രങ്ങളിലൂടെ കാണാൻ കഴിഞ്ഞത്. ഈ തരത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഇത്തരം കാര്യങ്ങളിൽ ചുമതലാ ബോധത്തോടുകൂടി കാര്യങ്ങൾ ചെയ്യാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല എന്നുവരുന്നത് അങ്ങേയറ്റത്തെ പിടിപ്പില്ലായ്മയും

LIBRARY ARCHIVES Kerala Legislative Assembly